
പാഠശാല സംസ്കൃത ഹൈസ്കൂൾ
തെക്കേഗ്രാമം, ചിറ്റൂർ

# വായനാവാരം ഉദ്ഘാടനം



JUNE 19

തിങ്കൾ
രാവിലെ 10 മണിക്ക്


**ശ്രീ. ഫാറൂഖ് അബ്ദുൾ റഹ്മാൻ**
സിനിമാ സംവിധായകൻ











വായനയിൽ നിന്ന് കാഴ്ചയിലേക്ക് ...

വായന കാഴ്ച്ചയിലേക്കും അതുപോലെ
ദൃശ്യമാധ്യമങ്ങളിലേക്ക് കടക്കാനുള്ള  വഴിയുമാണെന്ന്
സംവിധായകനായ ഫാറുഖ് അബ്ദുൽ റഹ്മാൻ
അഭിപ്രായപ്പെട്ടു.ഒളപ്പമണ്ണയുടെ നങ്ങേമക്കുട്ടിയുടെ
വായനയിൽ മനസ്സിൽ വല്ലാതെ തറച്ചു പോയ ഒരു മൂന്നു വരി
ഉണ്ടായിരുന്നു.

ചില നാൾ പുസ്തകത്തിന്റെ
താളു പോലെ മറിഞ്ഞു പോയി കാറ്റത്തിട്ടൊരു പുസ്തകം

അത്തരം ഒരു വരി പിൽക്കാലത്ത് സ്വാതന്ത്ര്യത്തിന്റെ
ചിറകടിയൊച്ചകൾ എന്ന ടെലിഫിലിം ചെയ്യുന്നതിന്
മാർഗ്ഗദർശനമായി .ഒരു മുത്തശ്ശി പേരക്കുട്ടിക്ക്
സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്ത മുത്തച്ഛന്റെ
കഥ പറയുന്ന രംഗമാണ് .എല്ലാ സ്വാതന്ത്ര്യ ദിനത്തിലും
അങ്ങനെയൊരു പതിവുണ്ടായിരുന്നു. അത് മുത്തച്ഛന്റെ
ഡയറി വായനയായിരുന്നു.ഒളപ്പമണ്ണയുടെ കവിതയിലെ
വരി പോലെ പുസ്തകം സ്വയം അതിന്റെ താളുകൾ മറിഞ്ഞു
പോവുകയും അങ്ങിനെ വായിക്കേണ്ട ഭാഗമെത്തുമ്പോൾ
വായിക്കാനായി പുസ്തകത്താൾ നിശ്ചലമാവുകയും ചെയ്യുന്ന
ഒരു ദൃശ്യമാണ്.

അതുപോലെ കളിയച്ഛനിലെ ഒരു വരി

പൂർണാധികാരമുണ്ടാവണമന്നന്ന്
തോന്നിയ വേഷങ്ങൾ കെട്ടി നടക്കുവാൻ ...

ആ വഴിയിൽ നിന്ന് പി കുഞ്ഞിരാമൻ നായരുടെ
ബഹുമുഖ വ്യക്തിത്വത്തെയും ഒപ്പം തികച്ചും
വ്യത്യസ്തമായ സൗന്ദര്യ ബോധത്തെയും അതിലുപരി
കുഞ്ഞിരാമൻ നായർ എന്ന ഗന്ധർവസ്മൃതിയെ
തോറ്റിയുണർത്തുന്ന സിനിമയായി
കളിയച്ഛൻ മാറുകയായിരുന്നു.

ഈ രണ്ട് ആവിഷ്കാരങ്ങൾക്കും സംസ്ഥാന
സർക്കാരിന്റെ അവാർഡുകൾ  ലഭിച്ചപ്പോൾ
കളിയച്ഛന്റെ  വായനയ്ക്ക്
പ്രചോദനമായ ടി.വി .ശശി മാസ്റ്റർ എന്ന
അധ്യാപകനെയും നജ്മക്കുട്ടിയുടെ രചനയ്ക്ക്
പ്രചോദനമായ ശ്രീ. കാളിദാസ്
പുതുമനയേയും ഫാറുഖ്
പ്രത്യേകംഓർമിക്കുകയുണ്ടായി.

അത്തരത്തിൽ വായന ഒരു വ്യക്തിയുടെ
ജീവിതത്തിൽ അയാളു ടെ കാഴ്ചയിൽ
അവബോധത്തിൽ
സൗന്ദര്യ കൽപനകളിൽ നിർണാ യകമായ മാറ്റം
വരുത്തുമെന്ന് ഫാറുഖ് അബ്ദുൾ റഹ്മാൻ  പാഠശാല
സംസ്കൃത ഹൈസ്കൂളിന്റെ വായനാവാരം
ഉദ്ഘാടനം ചെയ്തുകൊണ്ട് പറയുകയുണ്ടായി....

## പാറശാല സംസ്കൃത ഹൈസ്ക്കൂൾ


## ജൂൺ 19 വായനാവാരം രണ്ടാം ദിവസത്തിന്റെ റിപ്പോർട്ട് ❤️

തയ്യാറാക്കിയത് ധന്വന്ത്. ഡി. 8 വേ സ്റ്റ്ഡ്.

ജൂൺ 19 വായനാദിനത്തിൽ ബഹുമാനപ്പെട്ട ചലച്ചിത്ര സംവിധായകനായ ഫാറൂഖ് അബ്ദുൽ റഹ്മാൻ പറഞ്ഞ വാക്കുകൾ ചുരുക്കി ജയശിലൻ മാഷ് ജയശീലൻ പാണ്ഡ്യത്തവിളപ്പിൽ ജൂൺ 20 രാവിലെ അസംബ്ലിക്ക് വയനാവാരവുമായി ബന്ധപ്പെട്ട്സംസാരിച്ചിരുന്നു.

വായനാവാരത്തിന്റെ പരിപാടികൾക്ക് തുടർച്ചയായി ഉച്ചയ്ക്ക് മൂന്ന് മണിക്ക് പരിപാടികൾ ഉണ്ടായിരുന്നു .ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തെപ്പറ്റിയും സ്വാതന്ത്ര്യ ദിനത്തെപറ്റിയും ആഴ്ന്നിറങ്ങി മനസ്സിലാക്കാനായി അമേരിക്കക്കാരനായ ലാറി കൊളളിൻസും ഫ്രഞ്ചുകാരനായ ഡൊമിനിക് ലാപ്പിയറും ചേർന്ന് എഴുതിയ സ്വാതന്ത്ര്യം അർദ്ധരാത്രിയിൽ എന്ന പുസ്തകം ഞങ്ങൾക്ക്പരിചയപ്പെടുത്തുകയായിരുന്നു മനുചന്ദ്രൻമാഷ് മനു ചന്ദ്രൻ .മനോഹരമായ വാക്കുകളിലൂടെ പുസ്തകത്തിന്റെ ഓരോ താളുകളും ചുരുക്കി പഠിപ്പിച്ച് തന്നു .ആ പുസ്തകത്തിലെ ഒരു ഭാഗമായ ഗാന്ധിജിയുടെ മരണത്തെപ്പറ്റിയുള്ള സംഭവങ്ങൾ വായിച്ചു തന്നു .

അതുകഴിഞ്ഞ് ശ്രീരാം ആർ. കെ.
മഞ്ജുഷ പാവു എന്ന പ്രശസ്ത എഴുത്തുകാരി
എഴുതിയ പുസ്തകങ്ങളെ വെറുക്കുന്ന പെൺകുട്ടി
എന്ന കഥയാണ് പരിചയപ്പെടുത്തിയത് .വായനയെ
വെറുക്കാതെ അതിനെ നെഞ്ചോട് ചേർത്തുപിടിക്കാൻ
ആ കഥയിലൂടെ മനസ്സിലായി. പിന്നീട് സൂര്യകിരൺ ,
അഭിഷേക്, ഷിഫാന എന്നീ വിദ്യാർത്ഥികൾ നടത്തിയ
വായനവാരത്തെ പറ്റിയുള്ള ഗംഭീരമായ പോസ്റ്റർ
പ്രദർശനവും നടന്നു.




# വായന ദിനം മൂന്നാം ദിനം ....



## പാഠശാല സംസ്കൃത ഹൈസ്കൂൾ

### വായനാ ദിനം മൂന്നാം ദിവസം

(എട്ടാം ക്ലാസിലെ ശ്രീരാം ആർ കെ അവതരിപ്പിച്ച ഡോക്യുമെന്റേഷൻ )

എല്ലാ ബുധനാഴ്ചയും എട്ടാം ക്ലാസുകാരുടെ സംസ്കൃത ഭാഷയിലുള്ള അസംബ്ലി ഉണ്ടാവാറുണ്ട് അത് വളരെ നന്നായി

സമയം മൂന്നുമണി വയനാവാരത്തിന്റെ മൂന്നാം ദിവസത്തെ പരിപാടികൾക്കായി ഹാളിൽ എല്ലാവരും ഒത്തുകൂടി .എല്ലാ ദിവസവും ഒരു ശ്രേണിയായിട്ടാണ് പരിപാടികൾ നടക്കുന്നത് .ആദ്യ ഊഴം അധ്യാപകരുടെയാണ്.സ്മൃതി ടീച്ചർ അധ്യാപക അവാർഡ് ജേതാവും പ്രശസ്ത എഴുത്തുകാരനുമായ ശ്രീ മുണ്ടൂർ സേതുമാധവൻ എഴുതിയ രാജാവ് എന്ന ചെറുകഥയാണ് പരിചയപ്പെടുത്തിയത് അതിലെ 12 അധ്യായങ്ങളും ടീച്ചർ വളരെ ചുരുക്കിയാണ് പറഞ്ഞതെങ്കിലും ഞങ്ങളുടെ മനസ്സിൽ ആ കഥ ആഴ്ന്നിറങ്ങി ഹരി എന്ന കുട്ടിയുടെ ജീവിതത്തിൽ വായന കൊണ്ടുണ്ടായ ഗുണങ്ങളാണ് കഥാകൃത്ത് വളരെ മനോഹരമായി എഴുതിയിരിക്കുന്നത്.

റോഹിൻ ആർ ടി പത്മനാഭൻ രചിച്ച ' പൂച്ചകളുടെ വിട് 'എന്ന കഥ ഞങ്ങൾക്ക് പരിചയപ്പെടുത്തി തന്നു കഥ വളരെ മനോഹരമായി പരിചയപ്പെടുത്തിക്കൊണ്ട് ഞങ്ങളുടെ ചിന്തകളെ ഉണർത്തിപ്പിച്ചു.

# പാഠശാല സംസ്കൃത ഹൈസ്കൂൾ



ഇന്ന് വായനാവാരം -

കുട്ടികളോട് സംസാരിക്കുന്നു.
സ്കൂൾ വിദ്യാരംഗം ഉദ്ഘാടനം
ചെയ്യുന്നു.

ശ്രീ ജയൻ.
റിട്ടയേർഡ് പ്രിൻസിപ്പൽ
വി.ടി.ബി.കോളേജ്
ശ്രീകൃഷ്ണപുരം

# വായനാവാരം – 22/6/2023 ......



## പാഠശാല സംസ്കൃത ഹൈസ്കൂൾ

### എട്ടാം ക്ലാസിലെ അനന്തലക്ഷ്മി എഴുതിയ ഡോക്യുമെന്റേഷൻ
### (22- 6 - 2023 )

വായനാവാരത്തിന്റെ ഭാഗമായി ഒരു ദിവസം ഒരു അധ്യാപകനും ഒരു കുട്ടിയും വീതം പുസ്തകം പരിചയപ്പെടുത്തണം എന്നതിനായി ഇന്നലെ സൗമിനി ടീച്ചറാണ് പുസ്തകം പരിചയപ്പെടുത്തിയത്. കഥ അറിയാത്ത ആട്ടങ്ങൾ എന്നതാണ് പുസ്തകത്തിന്റെ പേര്. ഇതിൽ 32 കഥകളാണുള്ളത് ശ്രീകൃഷ്ണപുരം മോഹൻദാസ് എന്ന ആളാണ് ഈ കഥയുടെ രചയിതാവ്. അതിൽ ഒരു കഥയാണ് തൊണ്ടി .ഈ കഥയുടെ മുഖ്യ കഥാപാത്രമാണ് എരയപ്പൻ നായർ എരയപ്പൻ നായർഒരു ദിവസം കഥകളി കാണാൻ പോയ സംഭവമാണ് ഈ കഥയുടെ ഉള്ളടക്കം

ഒമ്പതാം ക്ലാസിലെ
കൃഷ്ണചേച്ചിയുടെ പുസ്തകം പരിചയപ്പെടുത്തലുണ്ടായി .ഈ കഥ ശ്രീ. കെ എസ് വേണുഗോപാൽ സാറുടെ ജിപ്സിയും ഏഴാം ലോകവും എന്നതായിരുന്നു പിന്നെ അതുൽ കൃഷ്ണയുടെ വായനാദിന ചോദ്യങ്ങളും ഉണ്ടായിരുന്നു. ഒരു സങ്കീർത്തനം പോലെ എന്ന പെരുമ്പടവം ശ്രീധരന്റെ നോവൽ ഞങ്ങളെ പരിചയപ്പെടുത്തി തന്നത് സൂര്യകിരൺ ആയിരുന്നു.

വിഷ്ണുവിന്റെ പ്രസംഗവും ഷിഫാനയുടെ ഒരു കുറിപ്പും ശ്രീരാം വി.കെ യുടെ കഥ പരിചയപ്പെടുത്തലും അതോടൊപ്പം ഉണ്ടായിരുന്നു.

എന്റെ ഡോക്കുമെന്റേഷൻ ഇവിടെ അവസാനിപ്പിക്കുകയാണ്

# വായനാവാരം – 22/6/2023 ......



## പ്രശസ്ത കഥാകൃത്ത് ശ്രീ. വൈശാഖനുമായി പാഠശാല സംസ്കൃത ഹൈസ്കൂളിലെ കുട്ടികൾ നടത്തിയ അഭിമുഖം

ആറാം ക്ലാസിലെ അദ്വൈത പ്രദീപ്,ഷിഫാന, അഗ്രജ്,ഏഴാം ക്ലാസിലെ റോഹിൻ , അഫ്‌ലാവ്, ശ്യാംകൃഷ്ണ എട്ടാം ക്ലാസിലെ ശ്രീരാം ആർ കെ , ശ്രീരാം പി ആർ,ധന്വന്ത്, അനന്തലക്ഷ്മി,പത്താം ക്ലാസിലെ സുര്യജിത്ത്,മഹാദേവൻ, ശ്യാമിനി , അമ്പിളി എന്നിവരടങ്ങുന്ന 14 പേരുടെ സംഘമാണ് പ്രശസ്ത കഥാകൃത്തും കേരള സാഹിത്യ അക്കാദമിയുടെ മുൻപ്രസിഡന്റുമായ ശ്രീ വൈശാഖനെ അഭിമുഖം ചെയ്യാനായി ചെന്നത് .

വൈശാഖൻ എന്ന കഥാകൃത്തിനെ കുറിച്ചുള്ള ഒരു മുന്നറിവ് അവർക്ക് നൽകിയിരുന്നു.ഒപ്പം അദ്ദേഹത്തിന്റെ മൂന്ന് ചെറിയ കഥകളായ സാന്ത്വനം ,അർത്ഥം മരക്കൊമ്പിൽ തങ്ങിയിരിക്കുന്ന കുട എന്നിവ എല്ലാ കുട്ടികളും വായിച്ചിരുന്നു.അതിൽ തന്നെ സാന്ത്വനം ,മരക്കൊമ്പിൽ തങ്ങിയിരിക്കുന്ന കുട എന്നീ കഥകൾ കുട്ടികൾക്ക് ഏറെ ഹൃദയസ്പർശിയായി അനുഭവപ്പെട്ടു. അത് അവരുടെ ജീവിതത്തോട് ചേർത്തുവയ്ക്കുകയും ചിന്തിക്കുകയും ചെയ്തു.ഈ കഥയെ കുറിച്ചെല്ലാം അവർ എഴുത്തുകാരനോട് സംസാരിക്കുകയും ചെയ്തു.അദ്ദേഹത്തിന്റെ തന്നെ പാതിയിൽ  മുറിഞ്ഞ പ്രാർത്ഥന എന്ന കഥ സംഭാഷണത്തിനിടയിൽ വൈശാഖൻ മാഷ് ഓർമിച്ചു.

തുടർന്ന് ഏകദേശം ഒരു മണിക്കൂറോളം കുട്ടികളുടെ ലളിതവും വ്യത്യസ്തവുമായ ചോദ്യങ്ങൾക്ക് അദ്ദേഹം ക്ഷമാപൂർവ്വം മറുപടി പറയുകയുണ്ടായി.ഒരു വലിയ കഥാകൃത്താണെങ്കിലും കുട്ടികളുടെ മനസ്സിലേക്ക് ആഴ്ന്നിറങ്ങി തികച്ചും വ്യത്യസ്തമായ അനുഭവങ്ങൾ സൃഷ്ടിക്കാൻ വൈശാഖൻ മാഷക്ക് സാധിച്ചു.

കുട്ടികൾ വൈശാഖൻ മാഷുമായി നടത്തിയ അഭിമുഖം വിശദമായി ഡിജിറ്റൽ മാഗസിനിൽ പ്രസിദ്ധീകരിക്കുന്നതാണ്. ആയതിന്റെ വിഡിയോ റെക്കാഡിംഗും ചെയ്തിട്ടുണ്ട്.



വായനാവാരം ആചരിക്കുന്നതിന്റെ
ദിനങ്ങളിലൊന്നിൽ (23-6-2023) വെള്ളി ആണ്
ശ്രീകൃഷ്ണപുരം വി.ടി.ബി.കോളേജിലെ റിട്ടയർ പ്രിൻസിപ്പൽ
ഡോക്ടർ ജയൻ പാഠശാല സ്കൂളിൽ എത്തി കുട്ടികളോട്
സംസാരിച്ചത്.വായനയിലൂപരി വായന എന്ന അംശത്തെ
ജീവിതവുമായി ബന്ധപ്പെടുത്തിയാണ് ജയൻ സാർ
സംസാരിച്ചത്.അതീവ ലളിതമായി
ജീവിതത്തെ എങ്ങനെ സമീപിക്കണം എന്നും ഒപ്പം ക്ലാസ്
മുറിയിലെ ഒന്നാം സ്ഥാനക്കാർ മാത്രമല്ല ജീവിതത്തിൽ
വിജയിക്കുന്നത് എന്നും തോമസ് ആൽവ എഡിസനെ
മുൻനിർത്തിക്കൊണ്ട് ജയൻ സാർ കുട്ടികളെ ഓർമിപ്പിച്ചു.
നിർബന്ധപൂർവ്വം കുട്ടികളിൽ അടിച്ചേൽപ്പിക്കുന്ന വായനയല്ല
വായനയെന്നും മറിച്ച് ഏതൊരു പ്രവർത്തിയേയും എങ്ങിനെ
താല്പര്യപൂർവ്വം രസകരമായി ചെയ്യാം എന്നുള്ളതും
ജീവിതത്തിൽ നിന്ന് പഠിക്കേണ്ടതാണ്. അതാണ്
വായനയുടേയും അടിസ്ഥാനം.
അത്തരം ഒരു പഠനത്തിലൂടെ വായനയെ
സമീപിക്കുകയാണെങ്കിൽ വായന ഏറെ ജീവിതഗന്ധിയായി
മാറുമെന്നും ജയൻ സർ അഭിപ്രായപ്പെട്ടു.
രത്നാകരൻ എന്ന കാട്ടാളന് വാല്മീകി എന്ന രാമായണ
കാരനി
ലൂടെ സംഭവിച്ച മാനസികമായ ഔന്നിത്യം
ലളിതമായ ജീവിത ചിന്തയിലൂടെ കൈവന്ന ഒന്നാണെന്നും
കുട്ടികളോട് ലളിതമായ ഭാഷയിൽ
പറഞ്ഞു മനസ്സിലാക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു.

# വിദ്യാരംഗം കലാസാഹിത്യ വേദിയുടെ ഉദ്ഘാടനവും ഡോ. ജയൻ നിർവഹിക്കുകയുണ്ടായി








# പാഠശാല സംസ്കൃത ഹൈസ്കൂൾ

(ഏഴാം ക്ലാസിലെ റോഹിൻ.ആർ. അവതരിപ്പിച്ച ഡോക്യുമെന്റേഷൻ 23 - 6 - 2023)

പതിവുപോലെ ഒമ്പതാം ക്ലാസുകാർ ഇപ്രാവശ്യവും ഗംഭീരമായി അസംബ്ലി നടത്തി. അതിനുശേഷം ശ്രീകൃഷ്ണപുരം വി.ടി.ബി കോളേജിലെ പ്രിൻസിപ്പൽ ജയൻ സാർ വന്ന് ഞങ്ങളുടെ ഭാഷയിൽ കുറേ കാര്യങ്ങൾ പറഞ്ഞുതന്നു. അതിനുശേഷം അദ്ദേഹം ഞങ്ങളുടെ സ്കൂളിലെ വിദ്യാരംഗം കലാസാഹിത്യ ഉദ്ഘാടനം ചെയ്തു. എല്ലാ ദിവസത്തെയും പോലെ വെള്ളിയാഴ്ചയും വായനാവായ പരിപാടികൾ ആരംഭിച്ചു .ആദ്യം ഡോക്ടർ പ്രഭാകരൻ പഴശ്ശിയുടെ മൃഗഡോക്ടർ എന്ന മലയാളത്തിലെ ആദ്യ കാർട്ടൂൺ നോവൽ രജി ടീച്ചർ പരിചയപ്പെടുത്തി .ടീച്ചർ പറഞ്ഞ കാര്യങ്ങൾ ഞങ്ങൾ ആകാംക്ഷയോടെ കേട്ടുകൊണ്ടിരുന്നു .പിന്നെ എഴുത്തുകാരനും ഞങ്ങളുടെ സ്കൂളിൽ അധ്യാപകനും ആയ ജയശീലൻ സാറെ ദീപ ടീച്ചർ പരിചയപ്പെടുത്തി. കരുവാറ്റ ചന്ദ്രൻ സാറുടെ ഐതിഹ്യ മുത്തുകൾ എന്ന പുസ്തകം ഒമ്പതാം ക്ലാസിലെ അശ്വിൻ ഏട്ടൻ പരിചയപ്പെടുത്തി.

പത്താം ക്ലാസിലെ ശ്യാമിനി  ചേച്ചിയുടെ
ഉത്ക്കണ്ഠയുടെ നിമിഷങ്ങൾ
എന്ന പുസ്തകം പരിചയപ്പെടുത്തി. ആ
കഥയെപ്പറ്റി പറയുമ്പോൾ അതിലെ ഓരോരോ
കാര്യങ്ങളും ഞങ്ങളുടെ മനസ്സിൽ തെളിഞ്ഞു
വന്നു. ഹാജിറ ജവഹർലാൽ നെഹ്റുവിനെപ്പറ്റി
എഴുതിയ പനിനീർ പൂവ് എന്ന പുസ്തകത്തിന്റെ
വായനക്കുറിപ്പ് അഗ്രഗ് മനോഹരമായി അവതരിപ്പിച്ചു.
എട്ടാം ക്ലാസിലെ അതുൽ കൃഷ്ണയുടെയും അഞ്ചാം
ക്ലാസിലെ വിഷ്ണുവിന്റെയും വായനാവാരപ്രസംഗം
എല്ലാവർക്കും കുടുതൽ അറിവ് നൽകി

എട്ടാം ക്ലാസിലെ ശ്രീരാം. ആർ. കെ.
യുടെയും  ലക്ഷ്മി സി എസിന്റെയും ധന്വന്ത്
ഡി.യുടെയും ക്വിസ് ഞങ്ങൾക്ക് ഉത്തേജനവും
യുക്തിയും നൽകി. ജസ്റ്റിസ് വി ആർ കൃഷ്ണയ്യരുടെ
ലേഖനങ്ങൾ എന്ന പുസ്തകം അഞ്ചാം ക്ലാസിലെ
സുര്യകിരൺ പരിചയപ്പെടുത്തി. അവന്റെ
വാക്കുകൾക്കിടയിൽ പറഞ്ഞ കാര്യമായ വായന
ഒരു മനുഷ്യനെ പുർണ്ണമാക്കുന്നു എന്ന കാര്യം
ഉൾക്കൊണ്ട് എല്ലാവരും വായിക്കുക .അങ്ങനെ
വെള്ളിയാഴ്ചയിലെ വായനാവാര പരിപാടികൾ
കെങ്കേമമായി.



















വിദ്യാരംഗം കലാസാഹിത്യ വേദിയുടെ ആഭിമുഖ്യത്തിൽ ഇന്നലെ
(13-7-2023 ) ന് നടന്ന കുമാരനാശാനും മലയാള കവിതയും എന്ന
സ്കൂൾ തല ഭാഷാ സെമിനാർ തികച്ചും മാതൃകയായി.
കുമാരനാശാന്റെ ജീവിതരേഖയും
അതിലൂടെ വീണപൂവിന്റെ രചനയെ കുറിച്ചും അതിനുണ്ടായ
സാഹചര്യ
ത്തെ കുറിച്ചും അതിലൂടെ മനുഷ്യ
ജീവിതം ആവശ്യപ്പെടുന്ന മരണ
ത്തെ കുറിച്ചും വിരഹത്തെ കുറിച്ചു
മുള്ള  ചിന്തയിലേക്കു
മൊക്കെ പതിനഞ്ച് വയസ്സിൽ
താഴെയുള്ള കുട്ടികൾ ചെന്നെത്തി
എന്നത് അനന്യമായ അനുഭവമായി.

കൃത്യം ഒരു സെമിനാർ മാതൃകയിൽ
നടന്ന പരിപാടിയിൽ കൃഷ്ണേന്ദു,
ശ്യാമിനി , ധന്വന്ത് എന്നിവർ വിഷയം
അവതരിപ്പിച്ചു. അനന്ത ലക്ഷ്മിയും
ശ്രീറാമും മോഡറേറ്റർമാരായി .
വിഷയാവതരണവും ഘഷം
ക്രോഡീകരണവും നടന്നു.
ശ്രോതാക്കളും ഉണ്ടായിരുന്നു. എട്ടാം ക്ലാസ്സിൽ പഠിക്കുന്ന ധന്വന്ത് .ഡി
യെ ഉപജില്ലാതലത്തിലേക്ക് തിരഞ്ഞെടുത്തു.

ഇരുപത്തി ഒന്നാം തിയ്യതി വീണ്ടും
ഈ വിഷയവുമായി ബന്ധപ്പെട്ട്
കവിയും എഴുത്തുകാരിയും കാവ്യം
സുഗേയം എന്ന ബ്ലോഗിന്റെ അവതാ
രകയുമായ ശ്രീമതി. ജ്യോതിബായി
സ്കൂളിൽ എത്തിച്ചേരുന്നതും
കുട്ടികളെ അഭിസംബോധന ചെയ്യുന്നതുമാണ്.

# കുമാരനാശാനും മലയാള കവിതയും – സെമിനാർ

